ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

DATE:20.04.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ മൂന്നാം ഘട്ടത്തിനുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന പുരോഗമിക്കുന്നു. പത്രികകൾ തിങ്കളാഴ്ച വരെ പിൻവലിക്കാം.

   **Scrutiny of nomination papers for the third phase of Lok Sabha elections is progressing in constituencies. Monday is the last day for the withdrawal of candidature.**

2. കേരളത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം സജീവം. മണ്ഡലങ്ങളിൽ സ്ഥാനാർഥികൾക്കായി പിന്തുണ തേടി സംസ്ഥാന-ദേശീയ നേതാക്കൾ രംഗത്ത്.

   **Campaigning in full swing in Kerala. State -National level leaders are on the scene seeking support for candidates in constituencies.**

3. ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് മിസൈലുകളുടെ ആദ്യ ബാച്ച് ഇന്ത്യ, ഫിലിപ്പീൻസിന് കൈമാറി.

   **India delivers first batch of BrahMos Supersonic Cruise Missiles to Philippines.**

4. മദ്യനയ അഴിമതി കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ ജാമ്യാപേക്ഷയിൽ വിധി പറയുന്നത് ഈ മാസം 30 ലേക്ക് മാറ്റി.

   **Delhi court today reserved its judgement to be pronounced on the 30th of this month on the regular bail plea filed by former Delhi Deputy Chief Minister Manish Sisodia, on money laundering pertaining to the liquor policy case.**

5. രാജ്യത്ത് ഒഡീഷ, പശ്ചിമ ബംഗാൾ മേഖലകളിൽ തിങ്കളാഴ്ച വരെ കടുത്ത ഉഷ്ണ തരംഗത്തിന് സാധ്യത. കേരളത്തിൽ ഉയർന്ന താപനില തുടരും.

**IMD Forecasts Severe Heat Wave Conditions in areas of Odisha and West Bengal till Monday. Temperature to remain high in Kerala.**

6. ഐപിഎല്ലിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് - സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

**In IPL Cricket, Delhi Capitals will take on Sunrisers Hyderabad.**

&&&&&&&&&&&&&&&&

## HEADLINE – 1
## THIRD PHASE ELECTION SCRUTINY

രാജ്യത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാം ഘട്ടത്തിനുള്ള നാമനിർദേശ പത്രിക സമർപ്പണം അവസാനിച്ചു. പത്രികകളുടെ സൂക്ഷ്മപരിശോധന പുരോഗമിക്കുകയാണ്. തിങ്കളാഴ്ചയാണ് സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന ദിവസം. മൂന്നാം ഘട്ടത്തിൽ 10 സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 94 പാർലമെന്റ് സീറ്റുകളിലേക്കാണ് വോട്ടെടുപ്പ് നടക്കുക. മെയ് ഏഴിനാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&

## EC OVERALL FIRST PHASE

ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ആദ്യഘട്ട വോട്ടെടുപ്പ് നടന്ന 102 സീറ്റുകളിൽ 62.37 ശതമാനത്തിലധികം പോളിങ്. വോട്ടെടുപ്പ് ഏറെക്കുറെ സമാധാനപരമായിരുന്നു. ഏഴ് ഘട്ടങ്ങളിലായുള്ള പൊതുതെരഞ്ഞെടുപ്പിൽ, 21 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 102 മണ്ഡലങ്ങളിലേക്കാണ് വോട്ടെടുപ്പ് നടന്നത്. ഉത്തരാഖണ്ഡ്, അരുണാചൽ

പ്രദേശ്, സിക്കിം, മേഘാലയ, നാഗാലാൻഡ്, മിസോറം, തമിഴ്നാട് സംസ്ഥാനങ്ങളിലും, പുതുച്ചേരി, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ് എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലും വോട്ടെടുപ്പ് നടന്നു. 1,625 സ്ഥാനാർത്ഥികളാണ് മത്സരിച്ചത്. മുതിർന്ന ബിജെപി നേതാക്കളും കേന്ദ്രമന്ത്രിമാരുമായ നിതിൻ ഗഡ്കരി, സർബാനന്ദ സോനോവാൾ, കിരൺ റിജിജു, ഡോ. ജിതേന്ദ്ര സിംഗ്, സഞ്ജീവ് ബല്യാൻ, ബിജെപി നേതാക്കളായ തമിഴിസൈ സൗന്ദരരാജൻ, ജിതിൻ പ്രസാദ, കോൺഗ്രസ് നേതാക്കളായ ഗൗരവ് ഗൊഗോയ്, കാർത്തി ചിദംബരം, നകുൽ നാഥ്, ഡിഎംകെയുടെ ദയാനിധി മാരൻ എന്നിവരാണ് പ്രമുഖർ. പുതുച്ചേരി ലോക്സഭാ മണ്ഡലത്തിൻറെ ഭാഗമായ മാഹിയിൽ 65.95 ശതമാനം പേർ വോട്ട് രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

## LAKSHADWEEP -POLLING

ലക്ഷദ്വീപിൽ ഇന്നലെ രാത്രി ഏറെ വൈകി ലോക്സഭാ തിരഞ്ഞെടുപ്പ് അവസാനിക്കുമ്പോൾ 84 ശതമാനം പോളിംഗ് രേഖപ്പെടുത്തി. 10 ദ്വീപുകളിലായി 55 പോളിംഗ് ബൂത്തുകളിലാണ് വോട്ടെടുപ്പ് നടന്നത്. ചില ബൂത്തുകളിൽ രാത്രി 9 മണി വരെ വോട്ടിംഗ് പ്രക്രിയകൾ നീണ്ടു നിന്നു.

&&&&&&&&&&&&&&&&

## KARNATAKA-CAMPAIGN

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കർണാടകയിൽ പ്രചാരണം ഊർജിതമായി പുരോഗമിക്കുകയാണ്. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉച്ചയോടെ കർണാടകയിലെത്തും.

ചിക്കബെല്ലാപ്പൂർ ജില്ലയിലെ ചൊക്കഹള്ളിയിലും ബെംഗളൂരു പാലസ് ഗ്രൗണ്ടിലും സംഘടിപ്പിക്കുന്ന പ്രചാരണ പൊതുയോഗങ്ങളിൽ അദ്ദേഹം പങ്കെടുക്കും. ബിജെപിയുമായി സഖ്യമുണ്ടാക്കിയ ജെഡി(എസ്) ഇന്ന് പ്രധാനമന്ത്രിയുടെ പൊതുപരിപാടിയിൽ പങ്കെടുക്കും. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയും ഉപമുഖ്യമന്ത്രി ഡി കെ ശിവകുമാറും കോളാറിൽ കോൺഗ്രസിനു വേണ്ടി പ്രചാരണം നടത്തും.

&&&&&&&&&&&&&&&&

## GUJARAT ELECTION

മൂന്നാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ഗുജറാത്തിൽ നാമനിർദേശ പത്രികാ സമർപ്പണം അവസാനിച്ചപ്പോൾ 26 ലോക്സഭാ സീറ്റുകളിലേയ്ക്കായി 491 പത്രികകൾ ലഭിച്ചു. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന അഞ്ച് നിയമസഭാ സീറ്റുകളിലേക്കുള്ള 39 പത്രികകളും ഇന്നലെ സമർപ്പിച്ചു. സൂക്ഷ്മപരിശോധന പുരോഗമിക്കുകയാണ്. മുതിർന്ന ബിജെപി നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ ഗാന്ധിനഗർ ലോക്സഭാ സീറ്റിലേയ്ക്ക് ഇന്നലെ നാമനിർദേശ പത്രിക സമർപ്പിച്ചു. ബിജെപി ഗുജറാത്ത് സംസ്ഥാന അധ്യക്ഷൻ സിആർ പാട്ടീലും നവസാരി മണ്ഡലത്തിൽ ഇന്നലെ പത്രിക സമർപ്പിച്ചു. അതേസമയം, മുതിർന്ന കോൺഗ്രസ് നേതാവ് പരേഷ് ധനാനി രാജ്കോട്ട് ലോക്സഭാ സീറ്റിലേയ്ക്ക് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു.

&&&&&&&&&&&&&&&&

## HEADLINE – 3
## BRAHMOS-PHILLIPINES

ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് മിസൈലുകളുടെ ആദ്യ ബാച്ച് ഇന്ത്യ ഫിലിപ്പീൻസിന് കൈമാറി. ഇന്ത്യൻ

വ്യോമസേനയുടെ പ്രത്യേക വിമാനത്തിലാണ് മിസൈലുകൾ ഫിലിപ്പീൻസിൽ എത്തിച്ചത്. ഫിലിപ്പീൻസ് സായുധ സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായാണ് മിസൈലുകൾ വാങ്ങുന്നത്. 2022 ജനുവരിയിലാണ് 375 മില്യൺ ഡോളറിൻറെ കരാറിൽ ഇന്ത്യയും ഫിലിപ്പീൻസും ഒപ്പുവെച്ചത്. ഡി.ആർ.ഡി.ഒയുടേയും റഷ്യയുടെ റോക്കറ്റ് ഡിസൈൻ ബ്യൂറോ ആയ എൻ.പി.ഒ മഷിനോസ് ട്രോയേനിയയുടേയും സംയുക്ത സംരംഭമാണ് ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂയിസ് മിസൈലുകൾ.

&&&&&&&&&&&&&&&&

## HEADLINE – 4
## SISODIA JUDGEMENT

മദ്യനയ അഴിമതി കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയ സമർപ്പിച്ച ജാമ്യാപേക്ഷയിൽ വിധി പറയുന്നത് ഈ മാസം 30 ലേക്ക് മാറ്റി. റൂസ് അവന്യൂ കോടതിയിലെ പ്രത്യേക ജഡ്ജി കാവേരി ബവേജയുടേതാണ് ഉത്തരവ്. ഇഡി, സിബിഐ കേസുകളിൽ സുപ്രീം കോടതിയും ഡൽഹി ഹൈക്കോടതിയും വിചാരണക്കോടതിയും അദ്ദേഹത്തിന് ജാമ്യം നിഷേധിച്ചിരുന്നു. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായാണ് അദ്ദേഹം ഇടക്കാല ജാമ്യം തേടിയത്.

&&&&&&&&&&&&&&&&

## ODISHA-TRAGEDY

ഒഡീഷയിൽ ജാർസുഗുഡ ജില്ലയിൽ മഹാനദി നദിയിൽ ബോട്ട് മറിഞ്ഞുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം ഏഴായി. കാണാതായവർക്ക് വേണ്ടി തിരച്ചിൽ

തുടരുകയാണ്. ഛത്തീസ്ഗഢിൽ നിന്നുള്ള 54 വിനോദസഞ്ചാരികളുമായി പോയ ബോട്ടാണ് മുങ്ങിയത്.

&&&&&&&&&&&&&&&&

## CEO KERALA

മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും വീട്ടിൽ വോട്ട് ചെയ്യാൻ സൗകര്യമൊരുക്കുന്ന പ്രക്രിയയിൽ വീഴ്ചകൾ അനുവദിക്കില്ലെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. വീട്ടിൽ വോട്ട് നടപടികൾ പൂർത്തീകരിക്കുമ്പോൾ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ അന്തസത്ത കാത്തുസൂക്ഷിക്കുന്നവിധം ജാഗ്രതയോടെ ഉദ്യോഗസ്ഥർ പ്രവർത്തിക്കണമെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&&&

## COMMISIONING - VOTING MACHINES

കേരളത്തിൽ വോട്ടെടുപ്പ് യന്ത്രങ്ങളുടെ കമ്മീഷനിങ് ഇന്ന് പൂർത്തിയാകും. ക്രമനമ്പർ, സ്ഥാനാർഥികളുടെ പേര്, ഫോട്ടോ, ചിഹ്നം എന്നിവ അടങ്ങിയ ബാലറ്റ് പേപ്പറും വിവിപാറ്റ് സ്ലിപ്പിൽ പ്രിൻറ് ചെയ്യേണ്ട ക്രമനമ്പർ, പേര്, ചിഹ്നം എന്നിവ വിവിപാറ്റ് മെഷീനിലും സെറ്റ് ചെയ്യുന്ന പ്രക്രിയയാണ് കമ്മീഷനിങ്.

&&&&&&&&&&&&&&&&

## HEADLINE – 2
## KERALA CAMPAIGN INTRO

കേരളത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഉച്ചസ്ഥായിയിൽ. മൂന്ന് മുന്നണികളുടെയും സംസ്ഥാന - ദേശീയ നേതാക്കളെ പങ്കെടുപ്പിച്ചുള്ള ചൂട് പിടിച്ച

പ്രചാരണമാണ് നടക്കുന്നത്. തമിഴ് നാട്ടിൽ നിന്നുള്ള ബിജെപി നേതാവ് വിജയധരണി, കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി, സിപിഐഎം പോളിറ്റ് ബ്യൂറോ അംഗം ബൃന്ദ കാരാട്ട് തുടങ്ങിയവരാണ് ഇന്ന് പ്രചാരണം നയിക്കുന്ന പ്രമുഖർ.

**വിശദാംശങ്ങളിലേക്ക്......**

(വോയ്സ്)

*ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന യുഡിഎഫ് സ്ഥാനാർത്ഥികളുടെ പ്രചരണാർത്ഥം എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധി കേരളത്തിൽ. ചാലക്കുടി ലോക്സഭാ മണ്ഡല സ്ഥാനാർത്ഥി ബെന്നി ബെഹനാന് വേണ്ടി എരിയാട് നടക്കുന്ന പൊതു സമ്മേളനത്തിൽ പ്രിയങ്ക ഗാന്ധി പങ്കെടുക്കും. തുടർന്ന് യുഡിഎഫ് സ്ഥാനാർത്ഥി ആൻറോ ആൻറണിക്ക് വേണ്ടി പത്തനംതിട്ടയിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്ത ശേഷം തിരുവനന്തപുരത്ത് ശശി തരൂരിന്റെ പ്രചരണാർത്ഥം റോഡ് ഷോയിലും പൊതുസമ്മേളനത്തിലും ശ്രീമതി പ്രിയങ്ക പങ്കെടുക്കും. അതേസമയം, എൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിന് പിന്തുണയുമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച അനന്തപുരി മഹിളാ കൂട്ടായ്മയിൽ തമിഴ് നാട്ടിൽ നിന്നുള്ള ബി.ജെ.പി നേതാവ് വിജയധരണി പങ്കെടുത്തു. വിവിധ ഫുട്ബോൾ ക്ലബ് ഭാരവാഹികളുമായി ശ്രീ രാജീവ് ചന്ദ്രശേഖർ നടത്തുന്ന കൂടിക്കാഴ്ചയിൽ കായികതാരം അഞ്ചു ബോബി ജോർജ് പങ്കെടുക്കും. എൽഡിഎഫ് സ്ഥാനാർത്ഥിക്ക് പിന്തുണയുമായി സിപിഐഎം പോളിറ്റ് ബ്യൂറോ അംഗം ബൃന്ദ കാരാട്ട് ഇന്ന് തൃശ്ശൂരിൽ വിവിധ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. എൽ.ഡി.എഫ് വയനാട് മണ്ഡലം സ്ഥാനാർഥി ആനി രാജക്ക് പിന്തുണയുമായി സി.പി.ഐ ദേശീയ ജനറൽ*

*സെക്രട്ടറി ഡി.രാജ മാനന്തവാടിയിൽ പൊതുയോഗത്തിൽ പങ്കെടുക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വടകരയിലാണ്.*

***ന്യൂസ് ഡെസ്ക്, ആകാശവാണി.....***

&&&&&&&&&&&&&&&&

# HEADLINE – 5

# IMD-WEATHER

ഒഡീഷയിലും, പശ്ചിമ ബംഗാളിന്റെ തെക്കൻ മേഖലകളിലും തിങ്കളാഴ്ച വരെ കനത്ത ഉഷ്ണതരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഝാർഖണ്ഡ്, തെലങ്കാന, ആന്ധ്രാപ്രദേശിന്റെ തീര മേഖല, കേരളം, സിക്കിം തുടങ്ങിയയിടങ്ങളിലും താപനില ഉയരാൻ സാധ്യതയുണ്ട്. അതേസമയം ഹിമാചൽ പ്രദേശ്, ജമ്മു കാശ്മീർ, ലഡാക്ക്, ഉത്തരാഖണ്ഡ് പ്രദേശങ്ങളിൽ അടുത്ത ആഴ്ച വരെ ഇടിമിന്നലോട് കൂടിയ നേരിയ മഴയ്ക്കും കാറ്റിനും സാധ്യത.

&&&&&&&&&&&&&&&&

# HEADLINE – 6

# IPL

ഐപിഎല്ലിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് സൺ റൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ന്യൂഡൽഹിയിലെ അരുൺ ജയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം. പോയിന്റ് പട്ടികയിൽ ഹൈദരാബാദ് നാലാമതും ഡൽഹി ക്യാപ്പിറ്റൽസ് ആറാമതുമാണ്. ഇന്നലെ നടന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സ് ചെന്നൈ സൂപ്പർ കിംഗ്സിനെ 8 വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&

## ISL

ഐഎസ്എല്ലിൽ ഇന്ന് എഫ്സി ഗോവ, ചെന്നൈയിൻ എഫ്സിയെ നേരിടും. രാത്രി 7.30ന് ഗോവയിലെ ഫത്തോർഡ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന പ്ലേഓഫ് മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സ്-ഒഡീഷയോട് പരാജയപ്പെട്ട്, സെമി കാണാതെ പുറത്തായി.

&&&&&&&&&&&&&&&&

## DENGUE FEVER

വേനൽ മഴ തുടരുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനി വ്യാപിക്കാൻ സാധ്യതയുള്ളതിനാൽ പ്രതിരോധം ഊർജിതമാക്കണമെന്ന് ആരോഗ്യ വകുപ്പ് അധികൃതർ. മഴക്കാല പൂർവ ശുചീകരണ പ്രവർത്തന പുരോഗതി വിലയിരുത്താൻ എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രത്യേക സമിതികൾ രൂപീകരിക്കും.

&&&&&&&&&&&&&&&&

## BIRD FLU- ALAPPUZHA

ആലപ്പുഴയിൽ 2 സ്ഥലങ്ങളിലെ താറാവുകളിൽ പക്ഷിപ്പനി കണ്ടെത്തിയ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. ഇതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് നൽകുന്ന മാർഗനിർദേശങ്ങൾ എല്ലാവരും കർശനമായി പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

&&&&&&&&&&&&&&&&

## THRISSUR POORAM

തൃശൂർ പൂരം വെടിക്കെട്ട് പൂർത്തിയായി. രാവിലെ പാറമേക്കാവും തിരുവമ്പാടിയും വെടിക്കെട്ട് നടത്തി. പുലർച്ചെ മൂന്നരയോടെ ആരംഭിക്കേണ്ട വെടിക്കെട്ട് പ്രതിഷേധം മൂലം മണിക്കൂറുകൾ വൈകിയിരുന്നു. വെടിക്കെട്ടിന് അനാവശ്യ നിയന്ത്രണം ഏർപ്പെടുത്തിയെന്ന് ആരോപിച്ച് തിരുവമ്പാടി ദേവസ്വം പ്രതിഷേധിക്കുകയായിരുന്നു. മന്ത്രി കെ. രാജനുമായി നടത്തിയ ചർച്ചയിലാണ് വെടിക്കെട്ട് നടത്താൻ തീരുമാനമായത്. ഇപ്പോൾ പകൽപ്പൂരം പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&

## NORTH KOREA-TEST

സൈനിക ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി സൂപ്പർ ലാർജ് ക്രൂയ്സ് മിസൈൽന്റെയും ആന്റി എയർക്രാഫ്റ്റ് മിസൈലിന്റെയും പരീക്ഷണങ്ങൾ ഉത്തര കൊറിയ വിജയകരമായി പൂർത്തിയാക്കി. അമേരിക്കയുമായുള്ള സംഘർഷം രൂക്ഷമായി നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഉത്തര കൊറിയയുടെ പുതിയ നീക്കം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&